## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായിരിക്കുന്ന എയ്ഡഡ് സ്ക്കൂൾ/എയ്ഡഡ് കോളേജ് അദ്ധ്യാപകർ, എയ്ഡഡ് സ്ക്കൂൾ/എയ്ഡഡ് കോളേജ് എന്നിവയിലെ അദ്ധ്യാപകേതര ജീവനക്കാർ, അർദ്ധ സർക്കാർ ജീവനക്കാർ എന്നിവർക്ക് 12-ാം പഞ്ചവൽസര പദ്ധതിയിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് ഡ്യൂട്ടിലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്**

ജി.ഒ.(എം.എസ്) നം.289/2012/തസ്വഭവ തിരുവനന്തപുരം, തീയതി, 06/11/2012.

================================================================

പരാമർശം:- 1) 1/8/2011 ലെ ശ്രീ. കാനക്കോട് ബാലരാജിന്റെ നിവേദനം.
2) പഞ്ചായത്ത് ഡയറക്ടറുടെ 15/10/2011 -ലെ ജെ3-23648/2011 നമ്പർ കത്ത്.

**ഉത്തരവ്**

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിലെ ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായിരിക്കുന്ന എയ്ഡഡ് സ്കൂൾ/എയ്ഡഡ്കോളേജ് ജീവനക്കാർക്ക് ഡ്യൂട്ടി ലീവ് അനുവദിക്കണമെന്നാവശ്യപ്പെട്ട് പെരുങ്കടവിള ഗ്രാമ പഞ്ചായത്ത് അംഗം ശ്രീ. കാനക്കോട് ബാലരാജ് പരാമർശം (1) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അതിൻ പ്രകാരം കെ.ഇ.ആറിലെ അദ്ധ്യായം XIV A , ചട്ടം 56(7) -ലെ വ്യവസ്ഥയനുസരിച്ച് പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധികളായിരിക്കുന്ന എയ്ഡഡ് സ്കൂൾ/എയ്ഡഡ് കോളേജ് അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/ എയ്ഡഡ് കോളേജ് അദ്ധ്യാപകേതര ജീവനക്കാർ, അർദ്ധസർക്കാർ ജീവനക്കാർ എന്നിവർക്ക് പ്രസ്തുത പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് ഒരു വർഷം പരമാവധി 15 ദിവസം ഡ്യൂട്ടി ലീവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ടി.ജെ.മാത്യു,
ഗവൺമെന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം.
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർമാൻമാർക്കും/ സെക്രട്ടറിമാർക്കും } നഗരകാര്യ ഡയറക്ടർ മുഖേന
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും/ സെക്രട്ടറിമാർക്കും
( ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും
( പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
(ആവശ്യമായ പ്രചരണത്തിനായി)
എക്സിക്യൂട്ടീവ് ചെയർമാൻ&ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ, പാങ്ങപ്പാറ പി.ഒ., തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഗ്രാമ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ